**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4668** **13-03-2023 - ൽ മറുപടിയ്ക്ക്**

**സീനിയറേജ് തുക ഒഴിവാക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പ്ലാന്റേഷൻ ഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | പ്ലാന്റേഷൻ ഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കുമ്പോൾ ഈടാക്കിയിരുന്ന സീനിയറേജ് തുക ഒഴിവാക്കിക്കൊണ്ട് പൊതുവായ ഉത്തരവില്ല. എന്നാൽ നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കി സ.ഉ.(കൈ)നം.24/2018/ വനം തീയതി 27.06.2018 പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച സമിതി സീനിയറേജ് തുക കുറയ്ക്കണമെന്ന ശിപാർശയാണോ നൽകിയിട്ടുള്ളത്; എങ്കിൽ ഇതിൽ നിന്ന് വ്യത്യസ്തമായി സീനിയറേജ് തുക പൂർണമായും ഒഴിവാക്കി നൽകുവാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ, തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ ടി റിപ്പോർട്ടിന്റെ അദ്ധ്യായം 7-ൽ നൽകിയിട്ടുണ്ട്. അതിൽ സൂചിക-5-ൽ തോട്ടങ്ങളിൽ നിന്നും റബ്ബർ മരങ്ങൾ റീപ്ലാന്റേഷനു വേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് നിരക്ക് ഈടാക്കുന്നത് നിർത്തലാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിക്കുകയും മേൽ കമ്മിറ്റിയുടെ 27.09.2017-നു കൂടിയ യോഗത്തിൽ റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ, റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് നിലവിലുണ്ടായിരുന്ന ഒരു ക്യൂബിക് മീറ്ററിന് 2500/-രൂപ എന്ന നിരക്കിൽ നിന്നും 1000/- രൂപയായി കുറയ്ക്കുവാൻ ശുപാർശ ചെയ്യുകയുമുണ്ടായി. അതിനുശേഷം 26.02.2018-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ വകുപ്പ് മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും മറ്റു ഉന്നത ഉദ്യോഗസ്ഥരുടെയും തൊഴിലാളി യൂണിയൻ |

| | | | |
|---|---|---|---|
| | | | നേതാക്കളുടെയും യോഗം ചേരുകയും, ടി യോഗത്തിൽ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ റീപ്ലാന്റിംഗ് അവസരം സൃഷ്ടിക്കുന്നതിനായി സീനിയറേജ് ഒഴിവാക്കുന്നത് പരിഗണിക്കുന്നതാണ് എന്ന് തീരുമാനിച്ചിരുന്നു. റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ നിർദ്ദേശത്തിന്റെയും 26.02.2018-ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി യൂണിയൻ നേതാക്കളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗത്തിലെ തീരുമാനത്തിന്റെയും റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിലാണ് റബ്ബറിന്റെ സീനിയറേജ് ഒഴിവാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്. |
| (സി) | പ്ലാന്റേഷൻ ഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നിലവിലുണ്ടായിരുന്ന സീനിയറേജ് നിരക്ക് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | പ്ലാൻറേഷൻ ഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നിലവിൽ പൊതുവായി 08.03.2022-ലെ GO(MS)No. 11/2022/FWLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള സീനിയറേജ് നിരക്കുകളാണ് നിലവിലുള്ളത്. ഇവയിൽപ്പെടാത്ത Kerala Forest Produce(Fixation of Selling Price) Act, 1978-ൽ വരുന്ന 18 ഇനം മരങ്ങൾക്ക് ജി.ഒ.(എം.എസ്)നം.18/22-വനം തീയതി 19.04.22 പ്രകാരമുള്ള നിരക്കുമാണ് നിലവിലുള്ളത്. എന്നാൽ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നിലവിലുണ്ടായിരുന്ന സീനിയറേജ് നിരക്ക് ജി.ഒ.(എം.എസ്)നം.122/2012/വനം തീയതി 31.12.2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തടിക്ക് 2500/- രൂപയും, വിറകിന് 900/-രൂപയുമാണ്. |
| (ഡി) | പ്ലാന്റേഷൻ ഭൂമിയിൽ നിന്നും മുറിച്ചുമാറ്റുന്ന മരങ്ങളുടെ കണക്ക് സർക്കാർ സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ സീനിയറേജ് തുക ഒഴിവാക്കിയതിനുശേഷം ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും എത്ര മരങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | പ്ലാൻറേഷൻ ഭൂമിയിൽ നിന്നും മുറിച്ചു മാറ്റുന്ന മരങ്ങളുടെ കണക്ക് അതാത് ഡിവിഷൻതലത്തിൽ സൂക്ഷിക്കുന്നുണ്ട്. സീനിയറേജ് തുക ഒഴിവാക്കിയതിനു ശേഷം ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും മുറിച്ചു മാറ്റിയ മരങ്ങളുടെ വിവരം താഴെ നൽകുന്നു.<br><br>1.സതേൺ സർക്കിൾ<br><br>കോന്നി ഡിവിഷൻ-46635<br><br>പുനലൂർ ഡിവിഷൻ-17625<br><br>തെന്മല ഡിവിഷൻ-75335<br><br>റാന്നി ഡിവിഷൻ-61980<br><br>2.ഹൈറേഞ്ച് സർക്കിൾ |

| | | | |
|---|---|---|---|
| | | | മൂന്നാർ ഡിവിഷൻ-2369 (യൂക്കാലി)<br><br>കോതമംഗലം ഡിവിഷൻ-48121 (റബ്ബർ)<br><br><u>3.സെൻട്രൽ സർക്കിൾ</u><br><br>ചാലക്കുടി ഡിവിഷൻ-72125<br><br>ആകെ-324190 |
| (ഇ) | സീനിയറേജ് തുക ഒഴിവാക്കിയത് മൂലം സംസ്ഥാന ഖജനാവിന് എത്ര രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശയുടനുസൃതമായും, റബ്ബറിന്റെ വില താഴ്ന്നിരുന്ന സാഹചര്യത്തിലുമാണ് സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കികൊണ്ട് സർക്കാർ ഉത്തരവായിരുന്നത്. എന്നാൽ സീനിയറേജ് തുക ഈടാക്കുന്നത് നിർത്തലാക്കിയതിനെതിരെ കിഴക്കൻ മേഖലാ പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ ഫയൽ ചെയ്ത WP(C)40726/18, 42622/18 എന്നീ നമ്പർ കേസുകളിലെ ഇടക്കാലവിധിയുടെ അടിസ്ഥാനത്തിൽ കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി കോടതി വിധിക്കുന്ന തരത്തിൽ സീനിയറേജ് അടച്ചുകൊള്ളാമെന്ന് രേഖാമൂലമുള്ള ഉറപ്പ് (ബോണ്ട്) സംസ്ഥാന സർക്കാരിന് നൽകികൊണ്ട് റബ്ബർ മരങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് (സാധാ)നം.213/2019/വനം തീയതി 11.06.19 നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ കേസുകളുടെ അന്തിമ വിധി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സർക്കാർ നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം-വന്യജീവി വകുപ്പ്-നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി(ബി) വകുപ്പ്**

**സ.ഉ.(കൈ) നം.24/2018/വനം** തീയതി,തിരുവനന്തപുരം, 27/06/2018

---

പരാമർശം:- 1 തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് റിട്ട. ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്

2 18/06/2017-ലെ സ. ഉ. (എം.എസ്) 44/2017/തൊഴിൽ നമ്പർ

സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് റിട്ട. ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി അധ്യക്ഷനായി ടാക്സസ്, ഫിനാൻസ്, ഫോറസ്റ്റ്, റവന്യൂ, അഗ്രികൾച്ചർ, ലേബർ & സ്കിൽസ്, നിയമം എന്നീ സെക്രട്ടറിമാർ അംഗങ്ങളായി പരാമർശം 2) ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി 27/09/2017 ന് ശുപാർശ സമർപ്പിച്ചു.

2. പ്രസ്തുത ശുപാർശയിൽ നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് 2500/- രൂപയാണെന്നും റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ ടി തുക വളരെ കൂടുതലാണെന്നും യോഗം വിലയിരുത്തി. ഒരു റബ്ബർമരം മുറിച്ച് വിൽക്കുമ്പോൾ ലഭിക്കുന്ന ശരാശരി തുക ഏകദേശം 5000/- രൂപയാണ്. മേൽ സാഹചര്യത്തിൽ സീനിയറേജ് തുക നിലവിലെ 2500/- രൂപയിൽ നിന്നും 1000/- രൂപയായി കുറയ്ക്കുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തു

3. സർക്കാർ മേൽ ശുപാർശ വിശദമായി പരിശോധിച്ചു. റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വേണു.വി**

**പ്രിന്സിപ്പല് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്സ്, ലാന്റ് &

റിസോഴ്സസ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം

പൊതുഭരണ (രഹസ്യ) വകുപ്പ് (ഇനം നം . 2273 പ്രകാരം)

ധനകാര്യ വകുപ്പ്

തൊഴിലും നൈപുണ്യവും വകുപ്പ്

വെബ് & ന്യൂ മീഡിയ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ